# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>നെൽകൃഷിവികസന പദ്ധതി</u>

1566 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ നെൽകൃഷി വികസനത്തിനായി സമർപ്പിച്ച പ്രോജക്ടിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എന്തെല്ലാം പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിർദ്ദേശത്തിലൂടെ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി അധികമായി നടത്തുവാൻ കഴിയുമെന്നാണ് കൃഷി വകുപ്പ് കണക്കാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നിർദ്ദേശങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കാർഷിക മേഖലയിലെ വളർച്ച</u>

1567 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാർഷികമേഖലയിൽ എത്ര ശതമാനം വളർച്ചയുണ്ടായി എന്നു വ്യക്തമാക്കുമോ; നെല്ല്, നാളീകേരം, പച്ചക്കറികൾ എന്നിവയുടെ ഉത്പാദനത്തിൽ ഉണ്ടായ വർദ്ധനവിലെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ കരനെൽകൃഷി വൻ വിജയമാണെന്നു കണ്ടിട്ടും കരനെൽ കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(സി) വീട്ടു വളപ്പിലെ പച്ചക്കറി കൃഷി പരിപോഷിപ്പിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; അതിനുവേണ്ടി എന്തു തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കാർഷിക മേഖലയുടെ വളർച്ച</u>

1568

ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാർഷിക മേഖലയുടെ വളർച്ചയ്ക്ക് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിനായി കർഷകർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നത്;

(സി) യുവതലമുറയെ കൃഷിയോട് ആഭിമുഖ്യമുള്ളവരാക്കി തീർക്കുന്നതിന് ഉതകുന്ന പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

## ഹൈടെക് കൃഷി രീതി

1569 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് കൃഷി രീതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പഞ്ചായത്തിലായി ഏതെല്ലാം പ്രദേശത്ത് ആരംഭിച്ചിട്ടുണ്ട്; ഇനി എവിടെയെല്ലാമാണ് ആരംഭിക്കാൻ പോകുന്നത്;

(ബി) ഇതിനായി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ആരാണ് അനുയോജ്യമായ പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നത്;

(സി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെ പഠനമാണ് ഈ പദ്ധതി നടപ്പാക്കാൻ വേണ്ടി ഉപയോഗപ്പെടുത്തിയത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

കാലവർഷത്തിന്റെ ദൗർലഭ്യം

1570 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിന്റെ ദൗർലഭ്യം മൂലം സംസ്ഥാനത്തെ കാർഷിക രംഗത്തുണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തിന്റെ ഏതെല്ലാം മേഖലകളിലാണ് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതെന്നറിയിക്കുമോ ;

(സി) എത്ര രൂപയുടെ നാശനഷ്ടമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കുമോ ;

(ഡി) ദുരിതത്തിലായ കർഷകരെ സഹായിക്കാനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>വരൾച്ചമൂലം ഉണ്ടായ കൃഷിനാശം</u>

1571 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

" എസ്. ശർമ്മ

" പുരുഷൻ കടലുണ്ടി

" കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളെയാണ് വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ളത്;വിശദമാക്കുമോ;

(ബി) ഈ ജില്ലകളിൽ വരൾച്ച മൂലം ഉണ്ടായ കൃഷിനാശം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ;

(സി) വരൾച്ചാ ദുരിതബാധിത ജില്ലകളിൽ കേന്ദ്ര സംഘം സന്ദർശനം നടത്തിയോ; വരൾച്ചാ ദുരിതാശ്വാസത്തിനായി എന്ത് തുക നൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുവെന്നറിയിക്കാമോ;

(ഡി) സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ എന്ത് തീരുമാനം കൈക്കൊണ്ടുവെന്നറിയിക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതി</u>

1572 ശ്രീ. വർക്കല കഹാർ
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനപങ്കാളിത്തത്തോടെ തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം കാർഷിക വിളകളാണ് ഉൾപ്പെടുത്തിയിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് വിളകൾ കൃഷി ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം സംഘടനകളുടെ സേവനമാണ് ഈ പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്തിയിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**14.12.2012-ലെ മറുപടിക്ക്**

<u>തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് പദ്ധതി</u>

1573 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, സി. മമ്മൂട്ടി
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതി നടത്തിപ്പ് സംസ്ഥാനത്തിന്റെ കാർഷിക വിഭവങ്ങളുടെ ഉല്പാദനത്തെ ഏതെല്ലാം വിധത്തിൽ സ്വാധീനിച്ചു എന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നല്കുമോ;

(സി) തരിശായിട്ടുള്ള കാർഷികഭൂമിയുടെ കണക്ക് കൃഷിഭവൻ അടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ലാടിസ്ഥാനത്തിൽ തരിശായി കണ്ടെത്തിയ ഭൂമിയുടെ അളവ് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കാര്‍ഷിക ഉല്പന്നങ്ങള്‍ സംഭരിക്കുന്ന പദ്ധതി</u>

1574 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തു കൃഷിഭവനുകള്‍ വഴി കാര്‍ഷിക ഉല്പന്നങ്ങള്‍ സംഭരിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തെല്ലാം കാര്‍ഷിക വിളകളാണ് സംഭരിക്കാന്‍ നിശ്ചയിച്ചിട്ടുള്ളത് ;

(ബി) എത്ര കൃഷിഭവനുകള്‍ വഴി ഇതിനകം പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

കൃഷിഭവനുകളുടെ പരിഷ്ക്കാരണം

1575 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, എൻ.എ. നെല്ലിക്കുന്ന്
,, പി.കെ. ബഷീർ
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) കൃഷിഭവനുകൾക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; ഏതൊക്കെ പദ്ധതികളുടെ നടത്തിപ്പാണ് കൃഷിഭവനുകൾ നിർവ്വഹിക്കുന്നത്; സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വിശദമാക്കുമോ ;

(സി) കൃഷിഭവൻ ഉദ്യോഗസ്ഥരുടെ ഓഫീസ് , ഫീൽഡ് വർക്കുകൾ എന്നിവയ്ക്ക് പ്രത്യേക ദിവസനിബന്ധനകളുണ്ടോ ; ഇല്ലെങ്കിൽ ഓഫീസ് കാര്യങ്ങൾക്ക് പ്രത്യേക ദിവസം നിശ്ചയിക്കുകയും, കൃഷിക്കാരെയും കൃഷിയിടങ്ങളും സന്ദർശിക്കുന്നതിന് മറ്റു ദിവസങ്ങൾ നിശ്ചയിച്ച് ആയത് ഓരോ ആഴ്ചയിലും പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>നടപ്പു സാമ്പത്തിക വർഷത്തിലെ നെല്ല് സംഭരണം</u>

1576 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13-ൽ കർഷകരിൽ നിന്നും എത്ര നെല്ല് സംഭരിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി എന്തു തുക ചെലവഴിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>കിസാന്‍ കാര്‍ഡുകള്‍</u>

1577 ശ്രീ. വി. റ്റി. ബല്‍റാം
,, അന്‍വര്‍ സാദത്ത്
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും സ്റ്റേഷനറിയും അച്ചടിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കിസാന്‍ കാര്‍ഡുകളുടെ വിതരണത്തിന് തുടക്കമിട്ടിട്ടുണ്ടോ;

(ബി) കിസാന്‍ കാര്‍ഡ് കൊണ്ടുള്ള പ്രയോജനങ്ങള്‍ എന്തെല്ലാം ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ കാര്‍ഡുകള്‍ വഴി കര്‍ഷകര്‍ക്ക് ലഭിക്കുന്നത് ;

(ഡി) എന്തെല്ലാം വിവരങ്ങളാണ് കാര്‍ഡില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത് ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് നെൽകൃഷി ഭൂമിയുടെ അളവിൽ വന്ന കുറവ്</u>

1578 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് കൃഷി ചെയ്യുന്ന ഭൂമിയുടെ അളവിൽ ഗണ്യമായ കുറവ് വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അളവ് കുറഞ്ഞത് എന്ന് വ്യക്തമാക്കുമോ ;

(ബി) 2006-2011 കാലഘട്ടത്തിൽ നെൽവയൽ നികത്തുന്നതിനെതിരെ സ്വീകരിച്ചിരുന്ന കർശന നിലപാടുകളിൽ ഈ സർക്കാർ അയവു വരുത്തിയിട്ടുണ്ട് എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ;

(സി) 2001 മുതൽ എത്ര ഏക്കർ നെൽകൃഷി ഏതെല്ലാം ജില്ലകളിൽ നികത്തപ്പെട്ടു എന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

<u>നാളികേര ബയോ പാർക്കുകൾ</u>

1579 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

" എം. എ. വാഹീദ്

" വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര ബയോപാർക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ബയോ പാർക്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പ്പാദിപ്പിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഈ പാർക്കുകളിൽ സജ്ജമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) എവിടെയൊക്കെയാണ് പ്രസ്തുത പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>നാളികേര കർഷർകർ നേരിടുന്ന പ്രശ്നങ്ങൾ</u>

1580 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നാളികേര കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വെളിച്ചെണ്ണ ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) കൃഷിഭവനുകൾ വഴി പച്ചതേങ്ങ സംഭരരിക്കുന്നത് എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>നാളികേരത്തിന്റെ വിലയിടിവ്</u>

1581

ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലയിടിവ് മൂലം സംസ്ഥാനത്തെ നാളികേര കർഷകർ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊപ്ര സംഭരണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ കേരളത്തിൽ നിന്നും സംഭരിക്കുന്നതിനെക്കാൾ ലാഭകരമാണോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>പച്ചത്തേങ്ങ, കൊപ്ര എന്നിവയുടെ സംഭരണം</u>

1582 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13-ൽ എത്ര പച്ചത്തേങ്ങയും കൊപ്രയും സംഭരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>പച്ചത്തേങ്ങ സംഭരണം</u>

1583 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചത്തേങ്ങ സംഭരണം ഇപ്പോൾ സംസ്ഥാനത്ത് എത്ര സംഘങ്ങളിലാണ് നടന്നു വരുന്നത് ; വിശദമാക്കുമോ ;

(ബി) പാലക്കാട് ജില്ലയിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്ന സംഘങ്ങൾ ഏതെല്ലാമാണെന്നു വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് 2012 ജനുവരി മുതൽ നവംബർ 30 വരെ എത്ര ടൺ പച്ചത്തേങ്ങ സംഭരിച്ചു എന്നു വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കാലയളവിൽ എത്ര ടൺ കൊപ്രയാണ് സർക്കാർ ഏജൻസികൾ മുഖേന സംഭരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ :

(ഇ) കൃഷിഭവനുകൾ മുഖേന കർഷകരിൽ നിന്നും നാളികേരം സംഭരിക്കുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ എന്നു മുതൽക്കാണ് നടപ്പിലാക്കുകയെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>നാളീകേരത്തിന്റെ വിലയിടിവ്</u>

1584 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളീകേരത്തിനുണ്ടായ വിലയിടിവിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) നാളീകേര സംഭരണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) കൊല്ലം ജില്ലയിൽ പച്ചത്തേങ്ങ, കൊപ്ര എന്നിവ സംഭരിക്കുന്നതിന് പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ തയ്യാറാകാത്തതിന്റെ സാഹചര്യം എന്താണ്; വ്യക്തമാക്കുമോ;

(ഡി) നാളീകേര സംഭരണത്തിലെ നഷ്ടം നികത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>നാളീകേര വിള ഇൻഷ്വറൻസ് പ്രോജക്ട്</u>

1585 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളീകേര വിള ഇൻഷുറൻസ് പ്രോജക്ട് നടപ്പിലാക്കുന്നുണ്ടോ;

(ബി) ഏത് ഏജൻസിയാണ് പ്രോജക്ട് നടപ്പിലാക്കുന്നത്;

(സി) പ്രോജക്ടിന്റെ വിശദാംശങ്ങൾ നൽകാമോ;

(ഡി) നാളീകേര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് പ്രീമിയിത്തിന്റെ സംസ്ഥാന വിഹിതമായ 25% നുവേണ്ടി എന്തു തുക നീക്കിവെച്ചു; അതിൽ എത്ര ചെലവഴിച്ചുവെന്നറിയിക്കുമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി

1586 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇക്കഴിഞ്ഞ ഖാരിഫ് സീസണിൽ സംസ്ഥാനത്തെ വിവിധ ജില്ലികളിലായി എത്ര കർഷകർ അംഗങ്ങളായി; ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം വിളകൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തു തുകയാണ് സംസ്ഥാന വിഹിതമായി നീക്കിവച്ചിരുന്നത്; ഇതിൽ എന്ത് തുക ഈ പദ്ധതിക്ക് കൈമാറി;

(ഡി) പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള
വിള ഇൻഷ്വറൻസ് പദ്ധതി

1587 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ഇൻഷ്വറൻസ് പദ്ധതിക്കായി 2012-13 ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു; പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിവരുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഇക്കഴിഞ്ഞ കാർഷിക സീസണുകളിൽ എത്ര കർഷകർ വിളകൾ ഇൻഷ്വർ ചെയ്തു വ്യക്തമാക്കാമോ;

(ഡി) ഇതിൽ എത്ര കർഷകർക്ക് ക്ലെയിം അനുവദിച്ച് നൽകി; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

എൻഡോസൾഫാൻ ഉപയോഗം

1588 ശ്രീ. ഇ.കെ. വിജയൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോ സൾഫാൻ സ്റ്റോക്ക് മൊത്തം എത്രയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ; ഓരോ ജില്ലയിലും എത്ര വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഏതെങ്കിലും ജില്ലകളിൽ ഇപ്പോൾ എൻഡോ സൾഫാൻ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റോക്കുളള എൻഡോസൾഫാൻ നശിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>ഹൈടെക് കൃഷി</u>

1589 ശ്രീ. സി.പി. മുഹമ്മദ്
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുളളത്; വിശദമാക്കുമോ;

(ബി) ഗ്രീൻ ഹൗസുകൾ നിർമ്മിക്കാൻ സന്നദ്ധതയുളള കർഷകർക്ക് ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം കൃഷിക്കാണ് ഈ പുതിയ സാങ്കേതിക വിദ്യ ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുളളത്;

(ഡി) ഇത്തരം കൃഷിയിലൂടെ ലഭിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ</u>

1590 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കാർഷിക വിളകളുടെ അഭിവൃദ്ധിക്കായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് എന്നിവയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) കർഷകർക്ക് പൂർണ്ണമായും ഗുണം ലഭിക്കത്തക്ക നിലയിൽ പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളിലൂടെ ലഭിക്കുന്ന കേന്ദ്രഫണ്ട് ലാപ്സ് ആകാതെ സമയപരിധിക്കുള്ളിൽ ചെലവഴിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>പച്ചക്കറി വിള ഇൻഷ്വറൻസ് പദ്ധതി</u>

1591 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിത്തുടങ്ങിയോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്ത് തുക വകയിരുത്തിയിരുന്നു ; അതിൽ എന്ത് തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി</u>

1592 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നത് എന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര കർഷകർ അംഗങ്ങളായി ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കോർപ്പസ് ഫണ്ടിന്റെ സംസ്ഥാന വിഹിതം എത്രയാണ് ; ഇതിൽ എന്ത് തുക കൈമാറ്റം ചെയ്തു എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>സന്നദ്ധ സംഘടനകൾക്കും സ്വയംസഹായ സംഘങ്ങൾക്കും കാർഷികപ്രവൃത്തികൾക്ക് ധനസഹായം</u>

1593 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സന്നദ്ധ സംഘടനകൾക്കും സ്വയംസഹായ സംഘങ്ങൾക്കും കാർഷിക പ്രവർത്തനങ്ങൾക്ക് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്നും സംസ്ഥാന പദ്ധതികൾ ഏതെല്ലാമെന്നും ധനസഹായം ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം 2011-12 സാമ്പത്തിക വർഷത്തിലും 2012-13 സാമ്പത്തിക വർഷത്തിലും ധനസഹായത്തിന് അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങളും വ്യക്തികളും ആരെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കും ഏതെല്ലാം വ്യക്തികൾക്കും എത്ര തുക വീതം അനുവദിച്ചുവെന്നും ഏത് ഉത്തരവു മുഖേനയാണ് തുക അനുവദിച്ചതെന്നും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

കിസാൻ പാസ് ബുക്ക് മുഖേന കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ

1594 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് 'കിസാൻ പാസ്സ് ബുക്ക്' നൽകുമെന്ന 2011-12 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കിത്തുടങ്ങിയോ ;

(ബി) നാളിതുവരെ എത്ര കർഷകർക്ക് കിസാൻ പാസ് ബുക്ക് നൽകാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) എന്തെല്ലാം സേവനങ്ങളാണ് കിസാൻ പാസ് ബുക്ക് മുഖേന കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്നറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി നാളിതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>കിസാൻ അഭിമാൻ പദ്ധതി</u>

1595 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിസാൻ അഭിമാൻ പദ്ധതി പ്രകാരം സംസ്ഥാനത്തെ നെൽകർഷകർക്ക് നൽകിവരുന്ന പെൻഷൻ വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടോ: എങ്കിൽ എന്ന് മുതലുള്ള കുടിശ്ശികയാണ് നിലവിലുള്ളതെന്നറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നെൽകർഷകർക്ക് എന്ത് തുകയാണ് പെൻഷനായി നൽകുന്നതെന്നറിയിക്കാമോ;

(സി) പദ്ധതി പ്രകാരമുളള കടിശ്ശിക തുക നൽകുന്നതിനായി എന്ത് തുക നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്;

(ഡി) നെൽകർഷകർക്കുൾപ്പെടെ എല്ലാ ചെറുകിട നാമമാത്ര കർഷകർക്കും 400 രൂപാ വീതം നൽകിവരുന്ന പെൻഷൻ പദ്ധതി പ്രകാരമുള്ള തുക കർഷകർക്ക് വിതരണം ചെയ്ത് തുടങ്ങിയോ; എങ്കിൽ ഏത് മാസം മുതലാണ് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>ചെറുകിട - നാമമാത്ര കർഷക പെൻഷൻ</u>

1596

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട - നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) നാളിതുവരെ എത്ര കർഷകർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം പെൻഷൻ നൽകിയത്;

(സി) പ്രസ്തുത പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ഏതു മാസം മുതലുള്ള കുടിശ്ശികയാണുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കാർഷിക സബ്സിഡി വിതരണം</u>

1597

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക സബ്സിഡി ന്യൂ ജനറേഷൻ ബാങ്കുകൾ വഴി മാത്രമാണൊ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴിയും സബ്സിഡി വിതരണം ചെയ്യാൻ തയ്യാറാകുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

കർഷക രജിസ്ട്രേഷൻ

1598 ശ്രീ. സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
,, ജി. എസ്. ജയലാൽ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം കർഷക രജിസ്ട്രേഷൻ ആരംഭിച്ചതെന്നാണെന്നും അവസാനിപ്പിച്ചതെന്നാണെന്നും വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ പൂർത്തിയായപ്പോൾ ഇതുവരെ എത്ര കർഷകരാണ് രജിസ്റ്റർ ചെയ്തതെന്ന് വെളിപ്പെടുത്തുമോ;

(സി) ഓരോ ജില്ലയിലും കർഷക രജിസ്ട്രേഷനുവേണ്ടി വിതരണം ചെയ്ത അപേക്ഷകൾ എത്ര; തിരികെ ലഭിച്ച അപേക്ഷകൾ എത്ര;

(ഡി) യഥാർത്ഥ കർഷകരിൽ ഭൂരിപക്ഷം പേർക്കും രജിസ്ട്രേഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) പാട്ടച്ചീട്ട് വച്ച് ഓരോ ജില്ലയിലും എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വർഷംതോറും പാട്ടഭൂമി മാറുമെന്നതിനാൽ ഇത്തരം കർഷകർക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതെങ്ങനെയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>കർഷകർക്ക് ബാങ്കുകൾ വഴി ധനസഹായം</u>

1599

ശ്രീ. അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികളുടെ ധനസഹായം കർഷകർക്ക് ബാങ്കുകൾ വഴി നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ സവിശേഷതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് എല്ലായിടത്തും ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കായൽനില കർഷകർക്കുള്ള പമ്പിംഗ് സബ്സിഡി</u>

1600 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായൽനില കർഷകർക്കായി 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പമ്പിംഗ് സബ്സിഡി കുട്ടനാട്ടിലെ കർഷകർക്ക് വിതരണം ചെയ്തു തുടങ്ങിയോ ;

(ബി) പ്രസ്തുത സബ്സിഡി നൽകുന്നതിനായി നാളിതുവരെ എന്ത് തുക ചെലവഴിക്കപ്പെട്ടു ;

(സി) എത്ര കർഷകർക്കാണ് പ്രസ്തുത സബ്സിഡി തുക ലഭ്യമായത് എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>'എന്റെ മാവ്' പദ്ധതി</u>

1601 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന 'എന്റെ മാവ്' എന്ന പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ ;

(ബി) കൃഷിവകുപ്പ് മന്ത്രി നേരിട്ട് ആവശ്യപ്പെട്ട പ്രകാരം പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട തെന്മല ഗ്രാമ പഞ്ചായത്തെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം നാളിതുവരെ നടപ്പിലായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് നടപ്പാക്കാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതി പുനലൂർ നിയോജക മണ്ഡലത്തിൽ എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>യൂറിയയുടെ ദൗർലഭ്യം</u>

1602 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാവശ്യമായ യൂറിയയുടെ ദൗർലഭ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുറവ് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

കുട്ടനാട് പാക്കേജ്

1603 ശ്രീ. ടി.എം. തോമസ് ഐസക്ക്
" ജി. സുധാകരൻ
" സി.കെ. സദാശിവൻ
" ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ കൃഷിവകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിന്റെ നടത്തിപ്പിൽ പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പാക്കേജിന്റെ ഭാഗമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം കുട്ടനാട്ടിലെ ചില പാടശേഖരങ്ങളിൽ മടവീഴ്ചയുണ്ടായത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) മടവീഴ്ചമൂലം സംഭവിച്ച കൃഷിനാശം സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ; കർഷകർക്ക് ഈ ഇനത്തിൽ നഷ്ടപരിഹാരം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

ഇടുക്കി പാക്കേജ്

1604 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രാഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ സമഗ്ര കാർഷിക വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഇടുക്കി പാക്കേജിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) മൊത്തം എന്തു തുകയുടെ പാക്കേജാണ് കേന്ദ്രം അനുവദിച്ചത്; അനുവദിച്ച തീയതി ഏതാണ്; നിർമ്മാണം ആരംഭിച്ചത് എപ്പോഴാണ്; പാക്കേജ് പ്രകാരം പദ്ധതി പ്രവർത്തനം അവസാനിപ്പിക്കേണ്ടത് ഏത് തീയതിയിലാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാക്കേജിന്റെ ഭാഗമായുള്ള പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ഡി) കാർഷിക വിദഗ്ദ്ധൻ ശ്രീ. എം. എസ് സ്വാമിനാഥൻ എത്ര പദ്ധതികൾക്കായി മൊത്തം എന്തു തുക ശുപാർശ ചെയ്തിട്ടുണ്ടായിരുന്നു; പ്രസ്തുത തുക മുഴുവനും നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; ശുപാർശ ചെയ്ത തുകയിൽ ഇനിയും നേടിയെടുക്കാൻ ബാക്കിയുള്ള പദ്ധതികളും തുകയും എത്ര; വ്യക്തമാക്കുമോ;

(ഇ) കേന്ദ്രം അനുവദിച്ച സമയത്തിനകം അനുവദിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിനും അവശേഷിക്കുന്നവ നേടിയെടുക്കുന്നതിനും സാദ്ധ്യമാണോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**14.12.2012-ലെ മറുപടിക്ക്**

<u>ഇടുക്കി പാക്കേജും മണ്ണു സംരക്ഷണവും</u>

1605 ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് മണ്ണുപര്യവേഷണ മണ്ണുസംരക്ഷണ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി മണ്ണുപര്യവേഷണ, മണ്ണുസംരക്ഷണ വകുപ്പിന് ഓരോ സാമ്പത്തിക വർഷവും എന്തു തുക നീക്കിവച്ചു; എന്തു തുക അനുവദിച്ചു; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൃഷി വികാസ് യോജന</u>

1606 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ഇ.പി. ജയരാജന്‍
'' എം. ചന്ദ്രന്‍
ശ്രീമതി. കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം 2012-13 ല്‍ ഏതെല്ലാം പദ്ധതികള്‍ക്കാണ് അംഗീകാരം നല്‍കിയിട്ടുള്ളത്; ഇതിനായി ആകെ എന്തു തുക നീക്കിവച്ചു ; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് സര്‍ക്കാരിതര സംഘടനകളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കില്‍ ഏതെല്ലാം; വിശദമാക്കുമോ;

(സി) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ മാര്‍ഗ്ഗ നിര്‍ദ്ദേശങ്ങള്‍ക്ക് അനുസൃതമായിട്ടാണോ സര്‍ക്കാരിതര സംഘടനകളെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തത്; മാര്‍ഗ്ഗ നിര്‍ദ്ദേശങ്ങളുടെ പ്രസക്ത ഭാഗം ലഭ്യമാക്കുമോ;

(ഡി) 2012-13 ല്‍ എന്ത് തുകയാണ് ഇത്തരത്തില്‍ സര്‍ക്കാരിതര സംഘടനകള്‍ക്ക് നല്‍കിയത്?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൃഷി വികാസ് യോജന</u>

1607 ശ്രീ. എളമരം കരീം
,, പി. ശ്രീരാമകൃഷ്ണൻ
,, ബി. സത്യൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ഈ വർഷം എന്തു തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ജില്ലാ കാർഷികപദ്ധതികളിൽ പരിപാടികൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) 2012-13 വർഷത്തിൽ ഈ പദ്ധതി പ്രകാരം പരിപാടികൾ നടപ്പാക്കുന്നതിന് എന്തു തുക അനുവദിച്ചു;

(ഡി) അനുവദിക്കപ്പെട്ട പരിപാടികളുടെ വിവരങ്ങൾ വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരമുള്ള ഫണ്ട് സർക്കാരിതര സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കുമോ ; ഇവ ജില്ലാ കാർഷിക പദ്ധതികളിൽ ഉൾപ്പെട്ടവയാണോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി</u>

1608 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം 2012-13 വർഷത്തെ തിരുവനന്തപുരം ജില്ലാ കാർഷിക പദ്ധതി തയ്യാറാക്കപ്പെട്ടത് എന്നാണ്;

(ബി) ജില്ലാ കാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്; ഇതിന്റേ മാനദണ്ഡങ്ങൾ എന്താണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ജില്ലാ കാർഷിക പദ്ധതി അംഗീകരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

കര്‍ഷകരും കാര്‍ഷികോല്പ്പന്നങ്ങളുടെ വില തകര്‍ച്ചയും

1609 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം കാര്‍ഷികോല്പന്നങ്ങളുടെ വിലതകര്‍ച്ചമൂലം കടക്കെണിയില്‍പ്പെട്ട എത്ര കര്‍ഷകര്‍ ആത്മഹത്യ ചെയ്തു ;

(ബി) പ്രസ്തുത കര്‍ഷകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ ;

(സി) കര്‍ഷക കടാശ്വാസ കമ്മീഷനില്‍ എത്ര അപേക്ഷകള്‍ കെട്ടി കിടക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം കര്‍ഷക കടാശ്വാസ കമ്മീഷന് എത്ര രൂപ അനുവദിച്ചു എന്നും കടാശ്വാസമായി കര്‍ഷകര്‍ക്ക് എത്ര രൂപ വിതരണം ചെയ്തു എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കടബാദ്ധ്യത മൂലം ആത്മഹത്യ ചെയ്ത കർഷകർ</u>

1610 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആകെ എത്ര കർഷകരാണ് കടബാദ്ധ്യത മൂലം ആത്മഹത്യ ചെയ്തതെന്ന് അറിയിക്കാമോ;

(ബി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടംബങ്ങൾക്ക് എന്തെല്ലാം സഹായമാണ് സർക്കാർ നൽകിയിട്ടുളളതെന്നും എത്ര പേർക്കാണ് സഹായം നൽകിയതെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കര്‍ഷക ആത്മഹത്യാ കണക്കുകള്‍</u>

1611 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് എത്ര കര്‍ഷകര്‍ കടക്കെണിമൂലം ആത്മഹത്യ ചെയ്തുവെന്ന് ജില്ല തിരിച്ചുള്ള പേരു വിവരങ്ങള്‍ ലഭ്യമാക്കുമോ;

(ബി) ആത്മഹത്യ ചെയ്ത കര്‍ഷകരുടെ കുടുംബങ്ങള്‍ക്ക് ധനസഹായം ലഭ്യമാക്കിയോ; വിശദമാക്കുമോ;

(സി) ഏത് സാഹചര്യങ്ങളാലാണ് കര്‍ഷകര്‍ ആത്മഹത്യ ചെയ്തത് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ അഗ്രോ സർവ്വീസ് സെന്റർ</u>

1612

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) കായംകുളം മണ്ഡലത്തിൽ അനുവദിച്ച അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കൃഷി നാശംമൂലം ആത്മഹത്യ ചെയ്ത കർഷകർ</u>

1613 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കൃഷി നാശം മൂലം എത്ര കർഷകർ ആത്മഹത്യ ചെയ്തു;

(ബി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് പ്രഖ്യാപിച്ച സഹായപദ്ധതികൾ ഏതൊക്കെയാണ് എന്നറിയിക്കാമോ;

(സി) എന്ത് തുകയാണ് ധനസഹായമായി ഈ കുടുംബങ്ങൾക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുളളത്; ഇതിന്റെ പ്രഖ്യാപനം എന്നുണ്ടായി എന്നറിയിക്കാമോ:

(ഡി) പ്രസ്തുത തുക എല്ലാ കുടുംബങ്ങൾക്കും വിതരണം ചെയ്തു കഴിഞ്ഞുവോ; ആർക്കെല്ലാമാണ് ഈ തുക കൈമാറിയിട്ടുളളതെന്നറിയിക്കാമോ;

(ഇ) ഏതെല്ലാം തീയതികളിലാണ് പ്രസ്തുത തുക വിതരണം ചെയ്തത്?

## കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>ആത്മഹത്യ ചെയ്ത കർഷകർ</u>

1614 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടക്കെണിയിൽപ്പെട്ട് എത്ര കർഷകരാണ് ആത്മഹത്യ ചെയ്തതെന്ന് വ്യക്തമാക്കുമോ ; ജില്ല തിരിച്ചുള്ള വിവരം നൽകുമോ ;

(ബി) ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് നൽകിയിട്ടുള്ള ധനസഹായം എത്രയെന്ന് വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കർഷക ആത്മഹത്യ</u>

1615 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ സാമ്പത്തിക പരാധീനതമൂലം എത്രപേർ ആത്മഹത്യ ചെയ്തുവെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>സഹസ്ര സരോവരം പദ്ധതി</u>

1616 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനും കൃഷി വകുപ്പും ചേർന്ന് രൂപംനൽകിയ സഹസ്ര സരോവരം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നഗരപ്രദേശത്തു കൂടി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>ഹോർട്ടികൾച്ചർ മിഷൻ പദ്ധതി ചെലവ്</u>

1617 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ മിഷൻ പദ്ധതിപ്രകാരം 2012-13 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം അറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് ഈയിനത്തിൽ ചെലവഴിച്ച തുകയുടെ എത്ര ശതമാനമാണ് വയനാട് ജില്ലയിൽ ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം നടപ്പുവർഷം വയനാട് ജില്ലയിൽ നടപ്പാക്കുന്ന പരിപാടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

ഹോർട്ടികൾച്ചർ മിഷന്റെ 'പഴം-പച്ചക്കറി ഉത്പാദന-സംഭരണ-വിപണന കേന്ദ്രം'

1618 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ 'പഴം-പച്ചക്കറി ഉത്പാദന സംഭരണ വിപണന കേന്ദ്രം' പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ദേശീയ ഹോർട്ടി കൾച്ചർ മിഷന്റെ അംഗീകാരവും അനുമതിയും ലഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പഴം-പച്ചക്കറി ഉത്പാദനത്തിൽ കർഷകർക്ക് ഏറെ പ്രയോജനകരമെന്ന് വിലയിരുത്തപ്പെട്ട പ്രസ്തുത പദ്ധതി നടപ്പ് സാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**14.12.2012-ലെ മറുപടിക്ക്**

<u>ഹോര്‍ട്ടികോര്‍പ്പിന്റെ ഹരിത വില്പന കേന്ദ്രങ്ങള്‍</u>

1619 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം ജില്ലയില്‍ ഹോര്‍ട്ടി കോര്‍പ്പിന്റെ എത്ര ഹരിത വില്‍പ്പനകേന്ദ്രങ്ങള്‍ ഉണ്ട്;

(ബി) അവ എവിടെയെല്ലാമാണ് പ്രവര്‍ത്തിക്കുന്നത്;

(സി) പ്രസ്തുത വിപണന കേന്ദ്രങ്ങളുടെ പ്രതിമാസ വിറ്റുവരവ് എത്രയാണ്;

(ഡി) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള 8 പഞ്ചായത്തുകളില്‍ എവിടെയെല്ലാം ഹരിത വില്‍പനകേന്ദ്രങ്ങള്‍ പ്രവര്‍ത്തിക്കുന്നുണ്ട്;

(ഇ) ജില്ലയില്‍ പുതിയ ഹരിത വിപണനകേന്ദ്രങ്ങള്‍ ആരംഭിക്കാന്‍ ആലോചിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) എല്ലാ പഞ്ചായത്തുകളിലും ഹരിതവിപണനകേന്ദ്രങ്ങള്‍ ആരംഭിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>ഗ്രോബാഗ് പച്ചക്കറി പദ്ധതി</u>

1620 ശ്രീ. ജി. എസ് ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രോബാഗ് പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത പദ്ധതി കൊല്ലം ജില്ലയിൽ ഏതൊക്കെ കൃഷി ഭവനുകളിലാണ് നടപ്പിലാക്കുന്നത്;

(ബി) ഇതിലേക്ക് എന്തൊക്കെ ഘടകങ്ങളാണ് വിഭാവന ചെയ്യുന്നതെന്ന് അറിയിക്കുമോ; പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കൃഷിവകുപ്പ് നൽകിയിട്ടുളള പ്രവർത്തന നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>പുഷ്പകൃഷി</u>

1621 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സറ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യമുള്ള പൂവ് വാണിജ്യാടിസ്ഥാനത്തിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ആവശ്യമുള്ള പൂവിന്റെ എത്ര ശതമാനമാണ് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നത്;

(ബി) ആഭ്യന്തര വിപണിയുടെ ആവശ്യത്തിന് അനുസരിച്ച് പൂക്കൾ ഉണ്ടാക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) കേരളത്തിൽ എതൊക്കെ സ്ഥലത്താണ് പൂഷ്പ കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ ഉള്ളത്;

(ഡി) പുഷ്പ കൃഷി വികസിപ്പിക്കുന്നതിന് കർഷകർക്ക് നൽകി വരുന്ന സഹായങ്ങളെപ്പറ്റി വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

## കൃഷിവകുപ്പിലെ നിയമനങ്ങൾ

1622 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ കൃഷി ഓഫീസർമാരുടെയും മറ്റു ഉദ്യോഗസ്ഥരുടെയും ഒഴിവുകൾ നികത്തപ്പെടാതിരിക്കുന്നതുകൊണ്ട് പഞ്ചായത്തുകളിലെ കൃഷിക്കാർ അനുവഭിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രയാസങ്ങൾ പരിഹരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എത്ര തസ്തികകളാണ് കൃഷിഭവനുകളിൽ ഒഴിഞ്ഞു കിടക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) കൃഷി വകുപ്പിൽ തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ അമിത ജോലിഭാരം</u>

1623 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ സർവ്വീസ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട വകുപ്പിൽ എത്ര അസിസ്റ്റന്റ് തസ്തികയുണ്ട് ;

(ബി) പെൻഷൻ ആയാൽ പോലും അച്ചടക്ക നടപടികളിൽ തീരുമാനം ഉണ്ടാകാത്ത കൃഷി വകുപ്പിൽ അമിതജോലിഭാരം അഴിമതിക്ക് ഇടയാക്കുന്നുവെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യം പരിഹരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

കൃഷിവകുപ്പിലെ ഒഴിവുകൾ

1624 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷിവകുപ്പിൽ എത്ര കൃഷി ഓഫീസർമാരുടെയും അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെയും ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നാദാപുരം നിയോജകമണ്ഡലത്തിലെ കൃഷി ഓഫീസർമാരുടെയും അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതിയുടെ നടപടിക്രമങ്ങൾ ഏതുവരെ ആയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>മിൽമ പാലിന്റെ വില</u>

1625 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, കെ. രാജു
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ പ്രവർത്തനം ലാഭത്തിലോ നഷ്ടത്തിലോ; വ്യക്തമാക്കുമോ ;

(ബി) ലാഭത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷത്തെ ലാഭം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ സംസ്ഥാനത്ത് എത്ര പ്രാവശ്യം മിൽമ പാലിന് വില വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ പ്രാവശ്യവും എത്ര വീതം വർദ്ധനവാണ് വരുത്തിയത്; വിശദമാക്കുമോ ;

(ഡി) മിൽമ പാലിന് വില വർദ്ധിപ്പിക്കുകയും എന്നാൽ ക്ഷീര കർഷകർക്ക് പുതുക്കിയ വില ലഭിക്കാതിരിക്കുകയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വീണ്ടും വില വർദ്ധിപ്പിക്കാതെ കർഷകർക്ക് മതിയായ വില ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**14.12.2012-ലെ മറുപടിക്ക്**

<u>പാലിന്റെ ഗുണമേന്മ</u>

1626 ശ്രീ. എം. എ. ബേബി
,, സി. കെ. സദാശിവൻ
,, ആർ. രാജേഷ്
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഗുണനിലവാരമില്ലാത്ത പാലിന്റെ വരവ് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിൽ, മാരക രാസവസ്തുക്കൾ അടങ്ങിയ പാൽ വിൽക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ആകെ ആവശ്യമായ പാലിന്റെ എത്ര ശതമാനം ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട് ; വിശദമാക്കാമോ ; പാൽവില വർദ്ധിപ്പിച്ചതിന്റെ ഗുണം കൃഷിക്കാർക്ക് ലഭ്യമാക്കി ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ ;

(ഡി) ഗുണനിലവാരമില്ലാത്തും, മാരക രാസവസ്തുക്കൾ ചേർന്നതുമായ പാൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്നത് തടയാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>കൃഷി ഓഫീസർമാരുടെ ഒഴിവുകൾ</u>

1627 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ എത്ര ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിന് തടസ്സം എന്തെന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ എപ്പോൾ നികത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

ഓയിൽപാം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

1628 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2.3.2012ൽ കൃഷിവകുപ്പ് മന്ത്രി, ലേബർ കമ്മീഷണർ എന്നിവർ ഓയിൽപാം ഇന്ത്യാ ലിമിറ്റഡിലെ ട്രേഡ് യൂണിയൻ നേതാക്കളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലുള്ള തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണ ആനുകൂല്യങ്ങൾ നടപ്പിലാക്കിയോ ; വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ നാളിതുവരെ പ്രസ്തുത പരിഷ്ക്കരണം പ്രാബല്യത്തിൽ വരുത്തുന്നതിന് നേരിട്ട കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ; പരിഷ്ക്കരണം എന്ന് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഓയിൽപാം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ദീർഘകാല കരാറിന്റെ കാലാവധി 40 മാസങ്ങൾ പിന്നിട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൽ നാളിതുവരെ ചർച്ചകൾ ഒന്നുംതന്നെ നടക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിഷയത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോര്‍ഡ് ജീവനക്കാരുടെ സ്ഥലംമാറ്റം

1629 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന കെ.എല്‍.ഡി. ബോര്‍ഡ് ജീവനക്കാര്‍ക്ക് കാലാകാലങ്ങളില്‍ പൊതു സ്ഥലംമാറ്റം നല്കാറുണ്ടോ; ബോര്‍ഡ് ഓഫീസിലെ സി.എ.മാര്‍ തല്‍സ്ഥാനങ്ങളില്‍ ജോലി ചെയ്യാന്‍ തുടങ്ങിയിട്ട് എത്ര വര്‍ഷമായെന്ന് വിശദമാക്കുമോ;

(ബി) തുടര്‍ച്ചയായി ഒരേ ഓഫീസില്‍ വര്‍ഷങ്ങളോളം ജോലി നോക്കുന്ന സാഹചര്യം ഒഴിവാക്കി സര്‍വ്വീസിന്റെ കാര്യക്ഷമത വര്‍ദ്ധിപ്പിക്കാന്‍ പൊതുസ്ഥലംമാറ്റം നടത്താന്‍ നിര്‍ദ്ദേശം നല്കുമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>കൃഷിഭവനുകളിലെ ജീവനക്കാർ</u>

1630 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ കൃഷിഭവനുകളിൽ ആവശ്യത്തിനു ജീവനക്കാരില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനു സത്വര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കൃഷി വകുപ്പിന്റെ പദ്ധതികൾ</u>

1631 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൃഷി വകുപ്പുമായി ബന്ധപ്പെട്ട് അടൂർ നിയോജകമണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

<u>ജൈവ വൈവിധ്യ പാർക്ക്</u>

1632

പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ജൈവ വൈവിധ്യ പാർക്ക് എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>നെല്‍കൃഷി വികസന പദ്ധതി</u>

1633 ശ്രീ. കെ. അച്ചുതന്‍
'' ഐ. സി. ബാലകൃഷ്ണന്‍
'' ആര്‍. സെല്‍വരാജ്
'' എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെല്‍കൃഷി വികസന പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഗ്രൂപ്പ് ഫാമിംഗ്, കരനെല്‍ കൃഷി എന്നിവ പ്രോല്‍സാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(സി) കരനെല്‍ കൃഷിവഴിയും തരിശുഭൂമി കൃഷി യോഗ്യമാക്കിയതു വഴിയും എത്ര ടണ്‍ നെല്ല് അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതി വഴി എന്തെല്ലാം ധനസഹായങ്ങളാണ് നെല്‍കര്‍ഷകര്‍ക്ക് നല്‍കിയിട്ടുള്ളതെന്ന് അറിയിക്കുമോ ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>പരമ്പരാഗത നെല്‍വിത്തിനങ്ങളുടെ സംരക്ഷണം</u>

1634 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
,, പി. തിലോത്തമന്‍
,, കെ. രാജു
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെല്‍കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിലെ പരമ്പരാഗത വിത്തിനങ്ങള്‍ സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാന ജൈവ വൈവിദ്ധ്യ ബോര്‍ഡ് ഇതിനായി എത്ര പദ്ധതികള്‍ കേന്ദ്രത്തിന് സമര്‍പ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പദ്ധതികള്‍ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ കേന്ദ്രാനുമതി ലഭിക്കാതിരിക്കുന്നതെന്തുകൊണ്ടാണെന്ന് അറിയാമോ;

(സി) വിത്തിനങ്ങള്‍ സംരക്ഷിക്കുന്നതിനും നെല്‍കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ കീഴില്‍ എന്തെല്ലാം പദ്ധതികള്‍ നടപ്പാക്കിവരുന്നുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

റൈസ് ബയോ പാർക്ക്

1635 ശ്രീ. കെ. ശിവദാസൻ നായർ
,, ഹൈബി ഈഡൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റൈസ് ബയോ പാർക്ക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുക ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) നെൽകർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനും എന്തെല്ലാം സംവിധാനമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>'റൈസ് ബയോ പാർക്ക്'</u>

1636 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിൽ നിന്നും മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 'റൈസ് ബയോ പാർക്ക്' ആരംഭിക്കുന്ന കാര്യം പരിഗണയിലുണ്ടോ; വിശദാംശം നല്കുമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) മലപ്പുറം ജില്ലയിൽ പ്രസ്തുത പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

കൃഷി വിജ്ഞാനകേന്ദ്രം

1637 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് കുറ്റിപ്പാടത്ത് കൃഷി ഫാമിനോടനുബന്ധിച്ച് തുടങ്ങാൻ ഉദ്ദേശിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കാമോ;

(ബി) കൃഷി വിജ്ഞാന കേന്ദ്രം എന്ന് തുടങ്ങാൻ കഴിയുമെന്നും, അതിനായി ഇനി നടത്തേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>കൃത്യതാകൃഷി പദ്ധതി</u>

1638 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കൃത്യതാകൃഷി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക അനുവദിച്ച് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ബി) തുക അനുവദിക്കുന്നതിൽ നിലവിൽ തടസ്സം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷവും പദ്ധതി തുടരുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

## കോൾ കർഷകരുടെ പ്രശ്നങ്ങൾ

1639 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ, മലപ്പുറം ജില്ലകളിലെ കോൾ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) കോൾ കർഷകരുടെ പമ്പിംഗ് സബ്സിഡി, ഉല്പാദന ബോണസ് എന്നിവ എത്രയായി വർദ്ധിപ്പിച്ചുവെന്ന് അറിയിക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

<u>മാലാക്കായൽ വികസന പദ്ധതി</u>

1640 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എൽ. ഡി. സി. മുഖേന നടപ്പിലാക്കുന്ന മാലാക്കായൽ വികസന പദ്ധതി പൂർത്തീകരിക്കുന്നതിലേക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നത്; നബാർഡ് സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതി എന്ന നിലയിൽ കാലാവധി നീട്ടി നൽകുവാൻ നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കോൺട്രാക്ടറുടെ കരാർ കാലാവധി എന്നാണ് അവസാനിക്കുന്നത്; കരാർ പ്രകാരമുള്ള കാലാവധിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ കാലാവധി നീട്ടി നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

## കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

മാമം നാളീകേര കോംപ്ലക്സ്

1641 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മാമം നാളീകേര കോംപ്ലക്സ് കേരഫെഡ് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) 1997 മുതൽ പൂട്ടിക്കിടക്കുന്ന പ്രസ്തുത സ്ഥാപനം കേരഫെഡിന് കീഴിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കാമോ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

നെൽവയൽ നികത്തൽ

1642 ശ്രീ. ജെയിംസ് മാത്യൂ
,, കെ.വി. അബ്ദുൾ ഖാദർ
,, ബി.ഡി. ദേവസ്സി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ നികത്തൽ വീണ്ടും വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ സാധ്യമായിട്ടുണ്ടോ ;

(ബി) ഡാറ്റാബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ ആദ്യമായി തീരുമാനം എടുത്തത് എപ്പോഴായിരുന്നു ; പ്രസിദ്ധീകരണം വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ ; ഇപ്പോഴും ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ :

(സി) തയ്യാറാക്കപ്പെട്ട ഡാറ്റാ ബാങ്കിന്റെ കണക്കുകൾ പ്രകാരം ഇപ്പോൾ സംസ്ഥാനത്ത് എത്ര ഏക്കർ നെൽവയലുകൾ ഉണ്ടെന്ന വിവരം ലഭ്യമാക്കുമോ ;

(ഡി) നിയമവിരുദ്ധമായി എത്ര ഏക്കർ നെൽവയൽ ഇതിനകം നികത്തപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; ലഭ്യമായ കണക്കുകൾ ലഭ്യമാക്കുമോ ;

(ഇ) നീർത്തടങ്ങളുടെ വിസ്തീർണ്ണത്തിലുണ്ടായ കുറവുകൾ സംബന്ധിച്ച ലഭ്യമായ കണക്കുകൾ ലഭ്യമാക്കുമോ ;

(എഫ്) നെൽവയൽ സംരക്ഷണ നിയമത്തിന്റെ ലംഘനം സംബന്ധിച്ച എത്ര കേസുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

കൃഷി നിലം നികത്തൽ

1643 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജകമണ്ഡലത്തിലെ ആലങ്കോട്, നന്നംമുക്ക് ഗ്രാമപഞ്ചായത്തുകളിലെ വ്യാപകമായ കൃഷിനിലം നികത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട റവന്യൂ വകുപ്പിന്റെ പക്കലുണ്ടായിരുന്ന നം.26775 /പി.1/12 എന്ന ഫയൽ തീർപ്പിനായി കൃഷി വകുപ്പിന് നൽകുകയും നം.12111/എൻ.പി.എ3/12 കോടതിയിൽ കേസ് നിലനിൽക്കുകയും (ഡബ്ല്യു.പി.സി 8036/12) ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത നിലം നികത്തൽ പ്രശ്നത്തിൽ വയലിൽ നിന്ന് മണ്ണെടുത്തു മാറ്റുന്നതിന് ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്നു വിശദമാക്കാമോ ;

(ഡി) പ്രസ്തുത കേസിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>പട്ടാമ്പിയിലെ ഫയർ സ്റ്റേഷൻ നിർമ്മാണം</u>

1644 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിനും കെ.എസ്.ആർ.റ്റി.സി ബസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനും കൃഷിവകുപ്പിന്റെ കൈവശമുള്ള മണ്ണു പരിശോധനാലബോറട്ടറി വളപ്പിലുള്ള 12 എക്കറോളം തരിശായി കിടക്കുന്ന സ്ഥലത്ത് നിന്ന് ഒന്നര ഏക്കർ സ്ഥലം ആവശ്യപ്പെട്ടു മുഖ്യമന്ത്രിക്കു നൽകിയ നിവേദനം കൃഷിവകുപ്പ് പരിഗണിക്കുന്നുണ്ടോ ;

(ബി) പൊതുജനങ്ങൾക്ക് വളരെ അത്യാവശ്യമായ ഈ കാര്യം അടിയന്തിരമായി പരിഗണിക്കുമോ ;

(സി) മുഖ്യമന്ത്രി കാർഷികോൽപാദന കമ്മീഷണർക്കയച്ച നിവേദനം പരിഗണിച്ചു ഉത്തരവ് നല്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>സോയിൽ ഹെൽത്ത് കാർഡ്</u>

1645 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോയിൽ ഹെൽത്ത് കാർഡിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കാർഡ് വിതരണത്തിന് ഓരോ കർഷകന്റെയും ഭൂമിയിൽ നിന്നും മണ്ണുസാമ്പിൾ എടുക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കൃഷി വകുപ്പിൽ നിന്ന് വിതരണം ചെയ്യുന്ന ഹെൽത്ത് കാർഡും മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പിൽ നിന്ന് വിതരണം ചെയ്യുന്ന ഹെൽത്ത് കാർഡും തമ്മിൽ പ്രകടമായ എന്തു വ്യത്യാസമാണുള്ളത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>മണ്ണുപര്യവേഷണ മണ്ണുസംരക്ഷണ വകുപ്പ്</u>

1646 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച മണ്ണുപര്യവേഷണ മണ്ണുസംരക്ഷണ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത വകുപ്പിന്റെ ഘടന എപ്രകാരമാണ്;

(സി) പ്രസ്തുത വകുപ്പ് വഴി നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മപദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

## നിറവ് പദ്ധതി

1647 ശ്രീ. എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ പദ്ധതിയനുസരിച്ച് കർഷകർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്;

(ഡി) എത്ര നിയോജക മണ്ഡലങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്;

(ഇ) എല്ലാ നിയോജക മണ്ഡലങ്ങളിലും ഇവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്

1648 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' റ്റി. എൻ. പ്രതാപൻ
'' സണ്ണി ജോസഫ്
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ ഉപാധികൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് ഇൻ പഞ്ചായത്ത് ഓൾ സെലക്ടഡ് ബ്ലോക്ക് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം സ്ഥലങ്ങളിലാണ് ഇത് നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രോജക്ടിന്റെ ഗുണഭോക്താക്കൾ ആരാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

<u>കോഴി വളർത്തൽ</u>

1649 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴികർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴി വളർത്തൽ ലാഭകരമല്ലാതെ വന്ന സാഹചര്യത്തിൽ പല കർഷകരും ഈ മേഖലയിൽ നിന്നും പിന്മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോഴികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരമില്ലാത്ത കോഴി ഇറക്കുമതി നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലെ പദ്ധതികൾ</u>

1650 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>മൃഗസംരക്ഷണ വകുപ്പിലെ ഒഴിവുള്ള തസ്തികകൾ</u>

1651

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ എത്ര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും ഇതിൽ എത്ര തസ്തികകൾ ഒഴിവുണ്ടെന്നും ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

കൃഷി ഓഫീസര്‍മാരുടേയും മൃഗ ഡോക്ടര്‍മാരുടെയും നിയമനം

1652 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നടപ്പു സാമ്പത്തിക വര്‍ഷം കോഴിക്കോട് ജില്ലയില്‍ കൃഷി വകുപ്പ് അനുവദിച്ച തുകയില്‍ എത്ര ശതമാനം ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) കൃഷി ഓഫീസര്‍മാരില്ലാത്ത വടകരയിലെ കൃഷി ഓഫീസുകളില്‍ നിയമനം നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) മൃഗ ഡോക്ടര്‍മാരില്ലാത്ത വടകരയിലെ മൃഗാശുപത്രികളില്‍ മൃഗഡോക്ടര്‍മാരെ നിയമിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

കോയിപ്പാടി കാലിത്തീറ്റ മില്ലിംഗ് പ്ലാന്റ്

1653 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാസർഗോഡ് കോയിപ്പാടി കാലിത്തീറ്റ മില്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്ലാന്റ് എപ്പോൾ സ്ഥാപിക്കാനാകുമെന്നും അതിനായി എത്ര തുക ചെലവാകുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

കാഞ്ഞിരപ്പളളിയിൽ പോത്തിറച്ചി സംസ്ക്കരണ ഫാക്ടറി

1654 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കാഞ്ഞിരപ്പിളളിയിൽ പോത്തിറച്ചി സംസ്ക്കരണ ഫാക്ടറിയടക്കമുളള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കൈക്കൊണ്ടിട്ടുളള നടപടികൾ വ്യക്തമാക്കാമോ;

(ബി) എന്നേക്ക് പ്രസ്തുത ഫാക്ടറിയുടെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>കോഴികൾക്കുള്ള പ്രതിരോധ വാക്സിൻ</u>

1655 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കാനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

(ബി) സഞ്ചരിക്കുന്ന മൃഗാശുപത്രി സംവിധാനം കൊല്ലം ജില്ലയിൽ നടപ്പിലാക്കുമോ ;

(സി) കോഴികൾക്ക് നൽകുന്ന പ്രതിരോധ വാക്സിൻ ചെറുകിട കർഷകർക്ക് നിലവിൽ ലഭ്യമാണോ ; ആണെങ്കിൽ ഇതിന് എന്തെങ്കിലും നിബന്ധനകൾ ഉണ്ടോ എന്ന് വിശദമാക്കുമോ ;

(ഡി) കോഴികൾക്ക് നൽകുന്ന പ്രതിരോധ വാക്സിൻ കൊല്ലം ജില്ലാ മൃഗാശുപത്രിയിൽ ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഇ) കൊല്ലം ജില്ലാ മൃഗാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

മൃഗാശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകൾ

1656 ശ്രീമതി. പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സറ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിൽ മൃഗാശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത മൃഗാശുപത്രികൾ ഏതെല്ലാമാണ്;

(സി) പ്രസ്തുത ആശുപത്രികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ എത്ര നാളായാണ് അപ്രകാരം പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത മൃഗാശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

മൃഗസംരക്ഷണ വകുപ്പിന്റെ ചരിത്രമ്യൂസിയം

1657 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലം തേവള്ളിയിൽ കൊല്ലം ജില്ലാ വെറ്റിനറി കേന്ദ്രത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ ചരിത്രമ്യൂസിയത്തിന്റെ പുനർ നിർമ്മാണം എന്നാരംഭിക്കുമെന്നും അതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>സർക്കാർ പ്രസ്സുകളിലെ പർച്ചേസുകളും</u>
<u>അദർഡ്യൂട്ടി വ്യവസ്ഥയും</u>

1658 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളിലേക്കാവശ്യമായ പർച്ചേസുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ അനുസരിക്കുന്നില്ല എന്ന ഗുരുതരമായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ :

(ബി) സർക്കാർ പ്രസ്സുകളിൽ ''അദർഡ്യൂട്ടി വ്യവസ്ഥ'' നിലവിലുണ്ടോ ; അദർഡ്യൂട്ടീ വ്യവസ്ഥ നിലവിലില്ല എന്ന നയത്തിന് വിരുദ്ധമായി പ്രസ്സ് അധികാരികൾ അദർഡ്യൂട്ടി അനുവദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

ഗസറ്റിന്റെ കോപ്പി എം.എൽ.എ.മാർക്ക് ലഭ്യമാക്കാൻ നടപടി

1659 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസിദ്ധീകരിക്കുന്ന ഗസറ്റിന്റെ കോപ്പി എം.എൽ.എ.മാർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗസറ്റ് ലഭിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്നും, ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ ?